(ബി) അവരിൽ എത്ര സ്ത്രീകളും കുട്ടികളും ഉണ്ട്;

(സി) അവർക്ക് എത്ര രൂപ വീതമാണ് കൂലി കൊടുക്കുന്നത്;

(ഡി) പണി ആരംഭിച്ചിട്ട് എത്ര നാളായി?

ഉത്തരം

(എ) ഉണ്ട്. 160-ൽ പരം തൊഴിലാളികളം പണിയെടുക്കുന്നു.

(ബി) കുട്ടികളൊന്നും പണിയെടുക്കുന്നില്ല. മുപ്പതോളം സ്ത്രീകളം പണിയെടുക്കുന്നുണ്ട്.

(സി) ഫോറസ്റ്റ് ഷെഡ്യൂളം റെയ്റ്റ് അനുസരിച്ചാണ് കൂലി നൽകുന്നത്. അതിന്റെ പേരിയബിൾ ഡി.എ.യും നൽകുന്നുണ്ട്.

(ഡി) 1986 ജനുവരി അവസാനത്തോടെയാണ് പണി ആരംഭിച്ചത്.

ബോണക്കാട് പുൽമേട്ടിലെ വനവൽക്കരണം

843 [1848] ശ്രീ. വി. സി. കബീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ;

(എ) ബോണക്കാട് എസ്റ്റേറ്റിന്റെ മുകളിലെ പുൽമേട്ടിൽ സർക്കാർ വനവൽക്കരണം നടത്തുന്നുണ്ടോ;

(ബി) സമുദ്ര നിരപ്പിൽനിന്നും നാലായിരം അടിക്കുമുകളിൽ കാണുന്ന പുൽമേടും മറ്റു താഴ്ന്ന സ്ഥലങ്ങളിൽ കാണുന്ന പുൽമേടും തമ്മിൽ വ്യത്യാസമുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദീകരിക്കാമോ?

ഉത്തരം

(എ) ബോണക്കാട് എസ്റ്റേറ്റിന്റെ മുകളിലെ പുൽമേട്ടിൽ 110 ഹെക്ടർ സ്ഥലത്ത് സാമൂഹ്യ വനവൽക്കരണ വിഭാഗം വനവൽക്കരിക്കുന്നുണ്ട്.

(ബി), (സി) കേരളത്തിലെ മലകളിൽ പൊതുവെ 3000 അടിക്ക് മുകളിലുള്ള സ്ഥലങ്ങളിലാണ് പുൽമേടുകളുള്ളത്. മലയുടെ ഉയർച്ച വ്യത്യാസം അനുസരിച്ച് പുല്ലിന്റെ ഇനത്തിലും വളർച്ചയിലും വ്യത്യാസം കാണാറുണ്ട്. ഉയരം കൂടിയ മലകളിൽ അധികം പൊക്കമില്ലാതെ തറപറ്റി വളരുന്ന പുല്ലാണ് കാണുന്നത്. ബോണക്കാട് മലയുടെ മുകൾഭാഗത്ത് ഇത്തരം പുല്ലാണ് കാണുന്നത്.

ബോണക്കാട് പുൽമേട്ടിലെ വന്യമൃഗങ്ങൾ

844 [1849] ശ്രീ. കെ. വി. സുരേന്ദ്രനാഥ്:

വി. സി. കബീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബോണക്കാട് എസ്റ്റേറ്റിന്റെ മുകൾഭാഗത്തുള്ള പുൽമേടുകളിൽ വന്യമൃഗങ്ങൾ മേയാനെത്തുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly